**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3296** **15-02-2024 - ൽ മറുപടിയ്ക്ക്**

**നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല പഞ്ചായത്തിലെ ജവഹർ കോളനി ഹൈസ്കൂളിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | **വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല പഞ്ചായത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ജവഹർ കോളനി ഹൈസ്കൂളിൽ ഗ്രൗണ്ട് ഫ്ലോർ സ്ട്രക്ചറൽ വർക്കും, masonry വർക്കും പൂർത്തീകരിച്ചിട്ടുള്ളതായും, ഫസ്റ്റ് ഫ്ലോറിന്റെ 30 കോളം നിർമ്മിച്ചിട്ടുള്ളതായും കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നബാർഡ് ട്രാൻജെ 23-ൽ ഉൾപ്പെട്ടതും ടി ട്രാൻജെയുടെ കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തി നിർത്തി വച്ചിരിക്കുകയുമാണ്.** |
| (ബി) | നബാർഡ് ഫണ്ടിന്റെ കാലാവധി അവസാനിച്ചതുമൂലം നിർമ്മാണം നിർത്തിവയ്ക്കേണ്ട സ്കൂൾ കെട്ടിടങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | നബാർഡ് ട്രാൻജെ 23 ഫണ്ടിന്റെ കാലാവധി അവസാനിച്ചതുമൂലം നിർമ്മാണം നിർത്തി വയ്ക്കേണ്ട സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br>1. Construction of a new building block for Govt, UPS Jawahar Colony, Palode.<br>2. Construction of new building Govt. HS Cherinniyoor.<br>3. Construction of a new building block for Govt. HS Anappara, Vithura.<br>4. Construction of a new building for Govt. UPS Naluchira, Alappuzha. |
| (സി) | നബാർഡ് ഫണ്ടിന്റെ കാലാവധി നീട്ടി നൽകി കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | നബാർഡ് ഫണ്ടിന്റെ കാലാവധി നീട്ടി നൽകി കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ Tranche 23 extend ചെയ്യാനും അല്ലാത്ത പക്ഷം Plan Fund പൂർത്തിയാക്കാനുള്ള അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ